ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇല്ല.

ശ്രീ. പി. കെ. ചാത്തൻ: അത് തുടർന്നു പ്രവർത്തനം നടത്തുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : നടത്തും.

ശ്രീ. പി. കുഞ്ഞൻ: കമ്മ്യൂണിറ്റി പ്രോജക്റ്റുകളും എൻ. ഇ. എസ്. ബ്ലോക്കുകളായി മാറ്റാൻ തീരുമാനിച്ചിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ തീരുമാനിച്ചിട്ടില്ല. കമ്മ്യൂണിറ്റിപ്രോജക്റ്റുകളും പുതിയതായി തുടങ്ങുന്നതിനുപകരം കൂടുതൽ എൻ. ഇ. എസ്. ബ്ലോക്കുകളും തുടങ്ങി പ്രവർത്തിക്കുന്നതു് കൂടുതൽ പ്രയോജനപ്രദമാണെന്നു് വിചാരിക്കുന്നു. അതിനു ഏതു മാനദണ്ഡം വച്ചു ഏതു എൻ. ഇ. എസ്. ബ്ലോക്കുകൾ സ്ഥാപിക്കണമെന്നു് ആലോചിച്ചുകൊണ്ടിരിക്കുകയാണു്. തന്മൂലം ഇപ്പോൾ ഉള്ള കമ്മ്യൂണിറ്റി പ്രോജക്റ്റുകളുടെ പ്രവർത്തനത്തിൽ കുറവു വരുത്തുന്നില്ല.

ശ്രീ. പി. നാരായണൻ പോറ്റി : ഈ എൻ. ഇ. എസ്. ബ്ലോക്കുകൾ ഉൽഘാടനം ചെയ്യുന്നതു മഹാത്മാഗാന്ധിയുടെ ജന്മദിനമായ ഒക്ടോബർ രണ്ടാം തീയതിതന്നെ നിശ്ചയിച്ചതിൽ വല്ല പ്രത്യേകകാരണവും ഉണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ കമ്മ്യൂണിറ്റി പ്രോജക്റ്റുകളും, എൻ. ഇ. എസ്. ബ്ലോക്കുകളും തുടങ്ങിയതു് ഒക്ടോബർ രണ്ടാം തീയതിയാണു്. അതനുസരിച്ചു ജൂബിലി വർഷം തുടങ്ങി എന്നേയുള്ളൂ.

ശ്രീ. പി. നാരായണൻ പോറ്റി: അങ്ങനെ വീക്ഷിച്ചുകൊണ്ടു തുടങ്ങിയതാണോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതെ, അതെ.

സാങ്കേതികവിദ്യാലയങ്ങൾക്കു് ഗ്രാൻറു്.

* 521. [16] ശ്രീ. പി. കുഞ്ഞൻ : താഴെകാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാങ്കേതികവിദ്യാലയപരിഷ്കരണനിർദ്ദേശകകമ്മിറ്റിയുടെ റിപ്പോർട്ടനുസരിച്ചു് ഓരോ ക്ലാസ്സിനും എത്ര രൂപാവീതം, എന്നമുതൽ ഗ്രാൻറു് കൊടുത്തിട്ടുണ്ടു്;

(ബി) പരിഷ്കരിച്ചപ്രകാരമുള്ള ഗ്രാൻറു് വിതരണംചെയ്യാത്തതിനു് വല്ല പ്രത്യേകകാരണങ്ങളുമുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) സാങ്കേതികവിദ്യാലയപരിഷ്കരണകമ്മിറ്റിയുടെ റിപ്പോർട്ടനുസരിച്ചു് 12-ൽ കുറയാതെ വിദ്യാർത്ഥികളുള്ള ഒരു ക്ലാസ്സിനു് ഒരു അദ്ധ്യാപകൻ എന്ന കണക്കിൽ 40 രൂപ വീതം ഗ്രാൻറു് കൊടുക്കുന്നുണ്ടു്. അതു് 1955-56 സാമ്പത്തികവർഷംമുതൽക്കാണു് കൊടുത്തതു്.

(ബി) ഉണ്ടു്. കമ്മിറ്റിയുടെ റിപ്പോർട്ടിൽ ഗ്രാൻറു് ലഭിക്കാൻ ചില യോഗ്യതകളും നിശ്ചയിച്ചിട്ടുണ്ടു്. പ്രസ്തുത യോഗ്യതകളും ഇല്ലാത്ത സ്കൂളുകൾക്കു് ഗ്രാൻറു് കൊടുത്തിട്ടില്ല. അങ്ങനെയുള്ള സ്കൂളുകളും അടച്ചുപൂട്ടാൻ കമ്മിറ്റി സുപാർശചെയ്തിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly